(ബി) ഇതിനായി നടത്തിയിട്ടുള്ള പ്രാഥമിക എഴുത്തു പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഫൈനൽ പരീക്ഷ എന്ന് നടത്താനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒഴിവുകളുടെ എണ്ണം കണക്കാക്കിവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

ഒറ്റപ്പാലം റവന്യൂ ടവർ

9 [1297] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആസ്ഥാനമായ ഒറ്റപ്പാലത്ത് റവന്യൂ ടവർ നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ഫണ്ട് റവന്യൂ വകുപ്പ് വകയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടില്ല.

(ബി, സി & ഡി) "എ" ചോദ്യത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

വില്ലേജുമാൻ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ്

10 [1298] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ വില്ലേജുമാൻ തസ്തികയിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര പേർക്ക് ആകെ നിയമനം നൽകുകയുണ്ടായിട്ടുണ്ട്;

(സി) ഓരോ ജില്ലയിലും ഇത്തരം എത്ര ഒഴിവുള്ള തസ്തികകൾ വീതം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാത്ത വരുടേയും ഒഴിവുള്ള ബാക്കി തസ്തികകളുടേയും വിവരം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ വില്ലേജ്മാൻ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	..	26-7-2001
കൊല്ലം	..	1-8-1998
പത്തനംതിട്ട	..	31-12-2002
ആലപ്പുഴ	..	4-10-2001
കോട്ടയം	..	31-12-2001
ഇടുക്കി	..	31-3-2001
എറണാകുളം	..	18-6-1998
തൃശൂർ	..	നിലവിലില്ല
മലപ്പുറം	..	25-8-2001
പാലക്കാട്	..	16-7-2001
കോഴിക്കോട്	..	28-6-2002
വയനാട്	..	16-7-2001
കണ്ണൂർ	..	1-12-2002
കാസറഗോഡ്	..	നിലവിലില്ല

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി ആകെ 1790 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	217
കൊല്ലം	..	140
പത്തനംതിട്ട	..	78

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	..	87
കോട്ടയം	..	150
ഇടുക്കി	..	84
എറണാകുളം	..	152
തൃശൂർ	..	ബാധകമല്ല
മലപ്പുറം	..	220
പാലക്കാട്	..	194
കോഴിക്കോട്	..	225
വയനാട്	..	63
കണ്ണൂർ	..	180
കാസറഗോഡ്	..	ബാധകമല്ല

(സി) പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 262 ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

പത്തനംതിട്ട	..	2
ആലപ്പുഴ	..	73
കോട്ടയം	..	19
എറണാകുളം	..	60
മലപ്പുറം	..	26
പാലക്കാട്	..	40
കാസറഗോഡ്	..	42

(ഡി) ഒഴിവുള്ള തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഉടുമ്പൻചോല താലൂക്കിലെ കൃഷിനാശവും കുടിവെള്ളക്ഷാമവും

11 [1299] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിൽ വരൾച്ചയെത്തുടർന്ന് ഉണ്ടായ കൃഷിനാശവും കുടിവെള്ളക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly